പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 238 18.06.2014 ൽ മറുപടിക്ക്

## സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാര മേറ്റശേഷം സ്വകാര്യമേഖല യിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണ ത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കാമോ; | (എ) സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തി ന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന ങ്ങളിൽ പരിശോധന നടത്തി സേവന വേതനാനുകൂല്യങ്ങൾ തൊഴിലാളി കൾക്ക് ലഭിക്കുന്നണ്ടെന്ന് ഉറപ്പു - വരുത്തുന്നണ്ട്. കൂടാതെ തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയ ബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്കുള്ള പരിഹാരം കാണുന്നുണ്ട്. |
| (ബി) സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട് ;വിശദാംശങ്ങൾ നൽകുമോ; | (ബി) സംസ്ഥാനത്ത് 2013-14 കാലയളവിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ് മെന്റ് ഉദ്യോഗസ്ഥർ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും മിനിമം വേതനം നൽകാത്ത 374 സ്ഥാപനങ്ങൾ ക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) സ്വകാര്യ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | (സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) സ്വകാര്യമേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) സ്വകാര്യമേഖലയിലെ തൊഴിൽ പരമായ ചൂഷണത്തെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് താലൂക്ക്, ജില്ലാ, മേഖലാ തലങ്ങളിലുള്ള വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തി തൊഴിൽ നിയമ ലംഘനം നടത്തിയതായി കണ്ടെത്തുന്ന തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും തുടർ പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട സേവന വേതനാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ആഫീസർ.